LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും മറ്റും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 283-ഓളം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(ആർ.റ്റി) നമ്പർ 385/14/ആകുവ തീയതി 3-2-2014 പ്രകാരം എൻ.ആർ.എച്ച്.എം-ന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി 161 പി.എച്ച്.സി.-കളിൽ പ്രൈമറി ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പി.എച്ച്.സി.-കളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും പദ്ധതി/പദ്ധതിയേതര വിഹിതം, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ടുകളുപയോഗിച്ചും പി.എച്ച്.സി.-കളിൽ കെട്ടിടം, ക്വാർട്ടേഴ്സ്, ലാബ്, എക്സ്റേ യൂണിറ്റ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ക്യാൻസർ രോഗ ബാധിതരും ചികിത്സാ സൗകര്യങ്ങളും**

49 (756) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ ആശുപത്രികളിലാണ് ക്യാൻസർ രോഗചികിത്സയ്ക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് ക്യാൻസർ രോഗ ബാധിതരാകുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വൻ വർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വർദ്ധനവിനാനുപാതികമായി ആധുനികാചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലാകളിലും ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ ;

(സി) കൊച്ചിയിൽ ക്യാൻസർ രോഗത്തിന് പ്രത്യേക ആശുപത്രി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന്; ഈ തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇപ്പോൾ ക്യാൻസർ രോഗബാധിതർക്ക് സർക്കാർ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുകയോ കാരണം കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ക്യാൻസർ രോഗികൾക്ക് മറ്റ് രാജ്യങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും, ആർ.സി.സി.-യിലും ഏർപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ മാത്രമാണ് ചികിത്സ ലഭ്യമായിട്ടുള്ളത്. ഇതര ജില്ലകളിലെ ക്യാൻസർ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ സാമ്പത്തികവും, ശാരീരികവും, മാനസികവുമായ ഏറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകുന്നതിന് എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽതന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യ വകുപ്പിൽ ക്യാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി.-യിൽ വച്ച് വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

1. താലൂക്കാശുപത്രി, പുനലൂർ
2. ജനറൽ ആശുപത്രി, പത്തനംതിട്ട
3. ജില്ലാ ആശുപത്രി, കോട്ടയം
4. ജനറൽ ആശുപത്രി, ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

5. ജനറൽ ആശുപത്രി, എറണാകുളം

6. ജില്ലാ ആശുപത്രി, തൃശ്ശൂർ

7. ജില്ലാ ആശുപത്രി, തിരൂർ

8. ജില്ലാ ആശുപത്രി, പാലക്കാട്

9. ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രി, നല്ലൂർനാട്, വയനാട്

10. ജില്ലാ ആശുപത്രി, കണ്ണൂർ

11. ജനറൽ ആശുപത്രി, കാസർഗോഡ്

12. ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്

(ബി) ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായിട്ടാണ് ആർ.സി.സി.-യിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികളുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ആർ.സി.സി.-യിലും മലബാർ ക്യാൻസർ സെന്ററിലും ക്യാൻസർ ചികിത്സക്കായി നൂതന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ക്യാൻസർ ചികിത്സ ലഭ്യമാണ്.

(സി) കൊച്ചിയിലുള്ള സഹകരണ മെഡിക്കൽ കോളേജ് ക്യാംപസിൽ ഒരു സമഗ്ര ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ക്യാൻസർ രോഗ ബാധിതർക്ക് സർക്കാർ നല്കിവരുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു :

- സംസ്ഥാന സർക്കാർ നൽകുന്ന പെൻഷൻ (പ്രതിമാസം 1000 രൂപ)
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം
- സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (Society for Medical Assistance to the Poor)

LIBRARY ARCHIVES Kerala Legislative Assembly

- കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ക്യാൻസർ സുരക്ഷാ പദ്ധതി
- ചിസ് പ്ലസ്
- കാരുണ്യ ബെനവലന്റ് ഫണ്ട്
- എൻഡോസൾഫാൻ ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി
- പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി
- പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം
- കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം
- സുകൃതം പദ്ധതി

(ഇ) ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് കാണപ്പെട്ടതിനെത്തുടർന്ന് കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി തിരുവനന്തപുരം ആർ.സി.സി. "കേരള ക്യാൻസർ രജിസ്ട്രി" തുടങ്ങിയിട്ടുണ്ട്.

(എഫ്) ക്യാൻസർ രോഗ ചികിത്സയ്ക്കായി വിദേശ രാജ്യങ്ങളിൽ നിലവിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ ഇപ്പോൾ ആർ.സി.സി.-യിൽ ലഭ്യമാണ്.

**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി**

50 (757) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി നിശ്ചലമായത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ബി) നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി നടന്നിരുന്നതാണ് പ്രസ്തുത പദ്ധതി എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly